# ECHO OF HIS CALL

MALAYALAM

വിളിയുടെ പ്രതിധ്വനി

India's National Spiritual Newspaper

₹ 10/-

Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAN

Editor : S. SAM SELVA RAJ | 16 Languages | Associate Editor : Mr. BENJAMIN MOSES

Vol. XXVIII YEAR OF OUR LORD JESUS CHRIST, AUGUST 2022 No. 10


## വിശുദ്ധ വേദപുസ്തകം

ദയവായി ഈ ഭാഗം മനഃപാഠമാക്കുക

**സങ്കീർത്തനങ്ങൾ 107:31–41**

31. അവർ യഹോവയെ അവന്റെ നന്മയെചൊ
ല്ലിയും മനുഷ്യപുത്രന്മാരിൽ ചെയ്ത അത്ഭു
തങ്ങളെ ചൊല്ലിയും സ്തുതിക്കട്ടെ.
32. അവർ ജനത്തിന്റെ സഭയിൽ അവനെ പുകഴ്
ത്തുകയും മൂപ്പന്മാരുടെ സംഘത്തിൽ അവ
നെ സ്തുതിക്കയും ചെയ്യട്ടെ.
33. നിവാസികളുടെ ദുഷ്ടത നിമിത്തം അവൻ
നദികളെ മരുഭൂമിയും
34. നീരുറവകളെ വരണ്ട നിലവും ഫലപ്രദമായ
ഭൂമിയെ ഉവന്നിലവും ആക്കി.
35. അവൻ മരുഭൂമിയെ ജലതടാകവും വരണ്ട
നിലത്തെ നീരുറവകളും ആക്കി.
36. വിശന്നവരെ അവൻ അവിടെ പാർപ്പിച്ചു; അ
വർ പാർപ്പാൻ പട്ടണം ഉണ്ടാക്കുകയും നിലം
വിതെക്കയും
37. മുന്തിരിത്തോട്ടം നട്ടുണ്ടാക്കുകയും സമൃദ്ധി
യായി ഫലങ്ങളെ അനുഭവിക്കയും ചെയ്തു.
38. അവൻ അനുഗ്രഹിച്ചിട്ടു അവർ അത്യന്തം
പെരുകി; അവരുടെ കന്നുകാലികൾ കുറ
ഞ്ഞുപോകുവാൻ അവൻ ഇടവരുത്തിയില്ല.
39. പീഡനവും കഷ്ടതയും സങ്കടവും ഹേതു
വായി അവർ പിന്നെയും കുറഞ്ഞു താണു
പോയി.
40. അവൻ പ്രഭുക്കന്മാരുടെമേൽ നിന്ദ പകരുക
യും വഴിയില്ലാത്ത ശൂന്യപ്രദേശത്തു അവ
രെ ഉഴലുമാറാക്കുകയും ചെയ്യുന്നു.
41. അവൻ ദരിദ്രനെ പീഡയിൽ നിന്നുയർത്തി
അവന്റെ കുലങ്ങളെ ആട്ടിൻകൂട്ടം പോലെ
ആക്കി.

# യഥാർത്ഥ ദൈവപൈതലിന്റെ സവിശേഷതകൾ!

പാസ്റ്റർ എസ്. സാം സെൽവരാജ് മുഖ്യ സഭയിൽ നൽകിയ സന്ദേശം

## THE IDENTITIES OF TRUE CHILDREN OF GOD!

**പിന്നെ അവനോടു: ഈ ദേശത്തെ നിനക്കു അവകാശമായി തരുവാൻ കൽദയ പട്ടണമായ ഊരിൽനിന്നു നിന്നെ കൂട്ടിക്കൊണ്ടു വന്ന യഹോവ ഞാൻ ആകുന്നു എന്ന് അരുളി ച്ചെയ്തു.**

**കർത്താവായ യഹോവേ, ഞാൻ അതിനെ അവകാശമാക്കുമെന്നുള്ളതു എനിക്കു എന്തൊന്നിനാൽ അറിയാം എന്നു അവൻ ചോദിച്ചു.**

**അവൻ അവനോടു: നീ മൂന്നു വയസ്സുള്ള ഒരു പശുക്കിടാവിനെയും മൂന്നു വയസ്സുള്ള ഒരു കോലാടിനെയും മൂന്നു വയസ്സുള്ള ഒരു ആട്ടുകൊറ്റനെയും ഒരു കുറുപ്രാവിനെയും ഒരു പ്രാവിൻ കുഞ്ഞിനെയും കൊണ്ടുവരിക എന്നു കല്പിച്ചു.**

**ഇവയൊക്കെയും അവൻ കൊണ്ടുവന്നു ഒത്തനടുവെ പിളർന്നു ഭാഗങ്ങളെ നേർക്കുനേരെ വെച്ചു; പക്ഷികളെയോ അവൻ പിളർന്നില്ല.**

**ഉടലുകളിന്മേൽ റാഞ്ചൻ പക്ഷികൾ ഇറങ്ങി വന്നപ്പോൾ അബ്രാം അവയെ ആട്ടിക്കളഞ്ഞു.**

**സൂര്യൻ അസ്തമിക്കുമ്പോൾ അബ്രാമിന്നു ഒരു ഗാഢനിദ്ര വന്നു; ഭീതിയും അന്ധതമസ്സും അവന്റെ മേൽ വീണു.**

**അപ്പോൾ അവൻ അബ്രാമിനോടു: നിന്റെ സന്തതി സ്വന്തമല്ലാത്ത ദേശത്തു നാനൂറു സംവത്സരം പ്രവാസികളായിരുന്നു ആ ദേശക്കാരെ സേവിക്കും അവർ അവരെ പീഡിപ്പിക്കുമെന്ന് നീ അറിഞ്ഞുകൊൾക.**

**എന്നാൽ അവർ സേവിക്കുന്ന ജാതിയെ ഞാൻ വിധിക്കും; അതിന്റെ ശേഷം അവർ വളരെ സമ്പത്തോടുംകൂടെ പുറപ്പെട്ടുപോരും.** (ഉല്പത്തി 15:7–14).

**അബ്രഹാം ദൈവത്തിൽ വിശ്വസിച്ചു; അതു അവന്നു നീതിയായി കണക്കിട്ടു** (ഗലാത്യർ 3:6). ദൈവം അബ്രഹാമിനു നൽകിയ വാഗ്ദാനം 430 വർഷങ്ങൾക്കുശേഷം അവന്റെ സന്തതികളോട് നിറവേറ്റി. വാഗ്ദത്തം നൽകിയവൻ വിശ്വസ്തനാണ്, അത് തീർച്ചയായും നിവർത്തിക്കും. അതിനാൽ നാം കർത്താവിൽ ആശ്രയിക്കുമ്പോൾ അത് അവന് നീതിയായി കണക്കാക്കും.

### എന്താണ് ദൈവം നമ്മിൽ നിന്നു പ്രതീക്ഷിക്കുന്നത്?

ദൈവം നമ്മെ വലിയ രീതിയിൽ അനുഗ്രഹിക്കാൻ ആഗ്രഹിക്കുന്നു, അതിനു നമ്മുടെ വിശ്വാസവും അനുസരണയും അവൻ പ്രതീക്ഷിക്കുന്നു. ദൈവത്തിന്റെ പ്രതീക്ഷയെക്കുറിച്ചുള്ള നമ്മുടെ ധാരണ വർണ്ണനാതീതമാണ്. **ഹാ, ദൈവത്തിന്റെ ധനം, ജ്ഞാനം, അറിവു എന്നിവയുടെ ആഴമേ! അവന്റെ ന്യായവിധികൾ എത്ര അപ്രമേയവും അവന്റെ വഴികൾ എത്ര അഗോചരവും ആകുന്നു. കർത്താവിന്റെ മനസ്സ് അറിഞ്ഞവൻ ആർ? അവന്നു മന്ത്രിയായിരുന്നവൻ ആർ? അവന്നു വല്ലതും മുമ്പെ കൊടുത്തിട്ടു പ്രതിഫലം വാങ്ങുന്നവൻ ആർ? സകലവും അവനിൽ നിന്നും അവനാലും അവങ്കലേക്കും ആകുന്നുവല്ലോ; അവന്നു എന്നേക്കും മഹത്വം, ആമേൻ** (റോമർ 11:33–36).

3-ാം പേജിൽ തുടരും...

# ECHO OF HIS CALL - (1969-2019 GOLDEN JUBILEE YEAR)

(ECHO GROUP)

## *from your dearly beloved brother...*






### ഞങ്ങളുടെ നിയോഗം

പ്രാചീന അപ്പൊസ്തലരുടെ ഉപദേശങ്ങൾ ആനുകാലിക തലമുറയ്ക്കു മായമില്ലാതെ വ്യാഖ്യാനം ചെയ്ത് പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം. അതാണ് ഈ നിമിഷത്തിന്റെ ആവശ്യവും.

**“ഈ ദൈവം ഇന്നും എന്നേക്കും നമ്മുടെ ദൈവമാകുന്നു; അവൻ നമ്മെ ജീവപര്യന്തം വഴിനടത്തും” – സങ്കീർത്തനങ്ങൾ 48:14.**

പ്രിയപ്പെട്ട സഹോദരി സഹോദരന്മാരേ,

ലോകരക്ഷകനായ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ അതിശയകരമായ നാമത്തിൽ ആശംസകൾ നേരുന്നു.

വിളിയുടെ പ്രതിധ്വനി ശുശ്രൂഷകളെ ദൈവം സമൃദ്ധിയായി അനുഗ്രഹിക്കുന്നതിനായി ദൈവത്തിനു നന്ദി കരേറ്റുന്നതിനൊപ്പം കർത്താവ് തന്റെ ഗൃഹത്തിന്റെ പൂർണ്ണതയാൽ നിങ്ങളെ സമൃദ്ധമായി അനുഗ്രഹിച്ചു തൃപ്തരാക്കട്ടെ എന്നു പ്രാർത്ഥിക്കു കയും ചെയ്യുന്നു.

ദൈവത്തിന്റെ സമൃദ്ധിയായ കൃപയാൽ ഞങ്ങൾ ശുശ്രൂഷയുടെ 54-ാം വർഷത്തിലേക്ക് പ്രവേശിക്കുകയാണ്. കഴിഞ്ഞ വർഷങ്ങളിലെ ശുശ്രൂഷയിൽ കർത്താവിന്റെ വിശ്വസ്തതയ്ക്കും സ്നേഹനിർഭരമായ ദയക്കായും ഞങ്ങൾ കർത്താവിനു സ്തുതിയും നന്ദിയും കരേറ്റുന്നു. ഈ സുപ്രധാന അവസരത്തിൽ ഞങ്ങളെ സ്നേഹിക്കുകയും, പ്രാർത്ഥിക്കുകയും, പിന്തുണയ്ക്കുകയും, ഞങ്ങളുടെ വിഷമഘട്ടങ്ങളിലും സന്തോഷഘട്ടങ്ങളിലും ഞങ്ങളോടൊപ്പം നിൽക്കുകയും ചെയ്ത ലോകമെമ്പാടുമുള്ള ഞങ്ങളുടെ എല്ലാ സുഹൃത്തുക്കളെയും പങ്കാളികളെയും ഞങ്ങൾ ബഹുമാനത്തൊടെ ഓർക്കുകയും അവരെ അംഗീകരിക്കുകയും ചെയ്യുന്നു. ഞങ്ങളോടുള്ള നിങ്ങളുടെ സ്നേഹവും ദയയും ഇല്ലായിരുന്നുവെങ്കിൽ ശുശ്രൂഷയിൽ ഈ നിലയിലെത്താൻ കഴിയുകയില്ലായിരുന്നു എന്നു ഞങ്ങൾ കരുതുന്നു.

ഞങ്ങളോടൊപ്പം സഹപ്രവർത്തകരായിരുന്നു, ഇപ്പോൾ കർത്തൃസന്നിധിയിൽ ആയിരിക്കുന്ന ബ്ര. ജി. കമലരത്നം ഐ.എ.എസ്, ബ്ര. വാലർ ഡോസൻ, ബ്ര. എസ്.സി. ബക്കിൾ, ബ്ര. ജെ.ആർ. സൗന്ദരരാജ്, ബ്ര. ജെയകുമാർ മഹാരാജ്, ബ്ര. ഡി.ഡബ്ള്യു. ദേവകാന്തൻ, ബ്ര. ആർ.ഇ. ജെയരാജ്, ബ്ര. ജി. ജയേന്ത പോൾമണി, ബ്ര. മാനുവേൽ എം. പോൾരാജ് എന്നിവരെ ഞങ്ങൾ നന്ദിയോടെ സ്മരിക്കുന്നു. ഇവരെല്ലാം ഞങ്ങളുടെ ശുശ്രൂഷയ്ക്ക് മികച്ച പിന്തുണ നൽകിയവരായിരുന്നു.

ഞങ്ങളുടെ ശുശ്രൂഷയുടെ വികസനത്തിന്റെ ഭാഗമായി ഇന്ത്യയിലും അയൽ രാജ്യങ്ങളിലും കൂടുതൽ സഭകൾ സ്ഥാപിക്കുവാൻ ആഗ്രഹിക്കുന്നു. ശുശ്രൂഷയുടെ 54-ാം വർഷത്തിൽ ഈ ആഗ്രഹം പൂർത്തീകരിക്കുവാൻ നിങ്ങളുടെ പ്രാർത്ഥന ആവശ്യപ്പെടുന്നു.

കോവിഡ് 19 ലോക്ക്ഡൗൺ കാരണം കഴിഞ്ഞ കുറച്ചു കാലങ്ങളായി ഞങ്ങൾ പ്രതീക്ഷിച്ചതുപോലെ പ്രവർത്തനം മുന്നോട്ടു പോകാൻ സാധിച്ചില്ല. ഇപ്പോൾ അതിന്റെ സമയമായിരിക്കുന്നു. പരിശുദ്ധാത്മാവിന്റെ ശക്തിയേറിയ പകർച്ചയിലൂടെ നമുക്ക് ദൈവത്തോട് ശക്തിയായി പ്രാർത്ഥിക്കാം.

നേപ്പാൾ, ബംഗ്ലാദേശ്, പാക്കിസ്ഥാൻ, ശ്രീലങ്ക തുടങ്ങിയ രാജ്യങ്ങളിൽ സുവിശേഷം എത്തിക്കാനുള്ള മികച്ച അവസരങ്ങൾ ലഭിക്കാനായി നിങ്ങളുടെ ശക്തമായ പ്രാർത്ഥന ഞങ്ങൾ ആഗ്രഹിക്കുന്നു. വിവിധ തടസ്സങ്ങൾക്കു മദ്ധ്യേയും, കർത്താവ് തന്റെ സിംഹാസനത്തിലാണെന്നും സകലവും അവന്റെ നിയന്ത്രണത്തിലാകുന്നു എന്നു ഞങ്ങൾക്ക് ഉറപ്പുണ്ട്.

നിങ്ങളുടെ എല്ലാ കാര്യാദികളിലും ഉയർച്ച പ്രാപിക്കുവാനും ആത്മാവിൽ അഭിവൃദ്ധിപ്പെടുവാനും ആരോഗ്യത്തോടെയായിരിപ്പാനും ഞങ്ങൾ പ്രാർത്ഥിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!

ക്രിസ്തുയേശുവിൽ നിങ്ങളുടെ ശുശ്രൂഷകർ

**പാസ്റ്റർ സാം സെൽവരാജ്, അലക്സ് സാംസൺ സാം**

(+91) 98412 71858 / 98410 71858 E.mail : samselvaraj333@gmail.com

**CHIEF EDITOR**
Angeline Selvakumari Henry, M.A., M.Ed.

**MANAGING EDITOR**
Pastor Alex Samson Sam, B.Th., M.Div.

**ADMINISTRATION**
Bro. N. Prakasam, M.A., General Manager

**EDITORIAL BOARD**
Sis. Jesy Veena Sam
Sis. Serena Bevin, M.A., M.Phil., B.Ed.
Rev. Dr. K.R. Rajasekaran
Dr. A. Richard Samuel, M.A., Ph.D.

**EDITOR, PUBLISHER & PRINTER**
Pastor S. SAM SELVA RAJ
Echo of His Call Printers
10, Mohammed Abdullah 2nd Street,
Chepauk, Chennai- 600 005, India.
Phone : (+ 91- 44) 2852 8282, 2852 9293, 2854 7766
Cell : (+91) 98410 71852, 95661 31858

**E.mail ID**
sam@echoofhiscall.org
biblecor@yahoo.co.in

**WEBSITES**
www.echoofhiscall.org
www.stpaulsmatriculation.com

**YOUTUBE CHANNEL**
Echo of His Call

**Our Ministries:** ECHO OF HIS CALL Monthly Magazines (16 languages) · BIBLECOR - Postal Courses (3 languages) · Online Courses · Theological Correspondence Courses (2 languages) · Church Planting · Nehemiah Bible Colleges · Gospel Printing Press · Great Commission Partners · St. Paul's Matriculation School · Crusades · Community Development

1-ാം പേജിന്റെ തുടർച്ച...

ഏലിയാപ്രവാചകൻ സാരെഫാത്തിലെ വിധവയിൽനിന്ന് ഒരു ചെറിയ അപ്പം ആഗ്രഹിച്ചു എങ്കിലും അവൾക്ക് ക്ഷാമം തീരുന്ന മൂന്നര വർഷക്കാലത്തോളവും അപ്പം ലഭിച്ചു (1 രാജാക്കന്മാർ 17:16-18). നമ്മുടെ വരുമാനം എത്ര ചെറുതായിരുന്നാലും ദൈവം നമ്മെ കൂടുതലായി അനുഗ്രഹിക്കുവാൻ അതിൽ നിന്നും ഒരു ചെറിയ ഭാഗം ആഗ്രഹിക്കുന്നു. നിങ്ങളുടെ വരുമാനത്തിന്റെ പത്തിൽ ഒരു ഭാഗമെങ്കിലും നിങ്ങൾ കൂട്ടായ്മ ആചരിക്കുന്ന സഭയിലേക്ക് കൊണ്ടുവരണമെന്ന് ദൈവം പ്രതീക്ഷിക്കുന്നു. **എന്റെ ആലയത്തിൽ ആഹാരം ഉണ്ടാകേണ്ടതിന്നു നിങ്ങൾ ദശാംശം മുഴുവനും ഭണ്ഡാരത്തിലേക്കു കൊണ്ടു വരുവിൻ. ഞാൻ നിങ്ങൾക്കു ആകാശത്തിന്റെ കിളിവാതിലുകളെ തുറന്നു, സ്ഥലം പോരാതെ വരുവോളം നിങ്ങളുടെമേൽ അനുഗ്രഹം പകരുകയില്ലയോ? എന്നിങ്ങനെ നിങ്ങൾ ഇതിനാൽ എന്നെ പരീക്ഷിപ്പിൻ എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു** (മലാഖി 3:10).

എല്ലാ ഭാഗത്തുനിന്നുമുള്ള ഞെരുക്കത്തിനാൽ നിങ്ങളുടെ ജീവിതം ഗുരുതരമായ ഒരു യുദ്ധക്കളമായി നിങ്ങൾക്കു തോന്നിയേക്കാം; നിങ്ങൾ വിടുതലിനായി കാത്തിരിക്കയുമാകാം. ധൈര്യമായിരിക്കുവിൻ, ദൈവം നിങ്ങളോടു കൂടെയുണ്ട്. നിങ്ങളുടെ വ്യക്തിത്വത്തെക്കുറിച്ച് ആശയക്കുഴപ്പത്തിലാണെങ്കിൽ ദൈവം പ്രവർത്തിക്കുകയില്ല. നാം എന്താണ് ചെയ്യേണ്ടത്?

## 1. നാം നമ്മുടെ സ്ഥാനങ്ങൾ നിലനിർത്തണം

ദൈവത്തിന്റെ മക്കളെന്ന നിലയിൽ നാം ഈ ലോകത്തിലാണെങ്കിലും ഈ ലോകത്തിന്റേതല്ല. നമ്മുടെ പൗരത്വം സ്വർഗ്ഗത്തിലാണ് (ഫിലിപ്പിയർ 3:20). ദൈവം നമ്മെ ക്രിസ്തുവിനോടുകൂടെ ഉയിർപ്പിച്ചു സ്വർഗ്ഗത്തിൽ ഇരിക്കാനുള്ള അവസരവും തന്നു (എഫെസ്യർ 2:6). ചിലപ്പോഴൊക്കെ നാം യേശുവിലുള്ള നമ്മുടെ ഉയർന്ന സ്ഥാനങ്ങൾ മറന്ന് ഹീനമായ രീതിയിൽ പ്രവർത്തിക്കുന്നു.

ഉദാഹരണമായി, ഒരു ഭരണാധികാരിയുടെ ഓഫീസ് അദ്ദേഹം പ്രവർത്തിക്കുന്ന ഹെഡ് ഓഫീസിൽ തന്നെയാണ്. അദ്ദേഹം പല രാജ്യങ്ങളിലായി സഞ്ചരിക്കുന്നതുകൊണ്ട് മിക്കപ്പോഴും ഓഫീസിൽ കാണുകയില്ല. അവൻ മറ്റു പല രാജ്യങ്ങളും സന്ദർശിക്കുന്നുണ്ടാകാം, എന്നാലും അവന്റെ പൗരത്വമോ ഓഫീസോ മാറുന്നില്ല. അവൻ എന്താണോ അതു തന്നെയാണ്, കൂടാതെ അവൻ സ്വന്തം രാജ്യത്തിന്റെ പൗരനുമാണ്. അതുപോലെ ദൈവമക്കൾ അവർ ഏതു രാജ്യത്തിൽ ജീവിച്ചാലും അവർ സ്വർഗ്ഗരാജ്യത്തിന്റേതാണ്. അവർ ഈ ലോകത്തിനുള്ളവരല്ല. നമ്മൾ ഈ ലോകത്തിൽ അന്യരും പരദേശികളുമാണ്. ഈ ഭൂമിയിൽ നമുക്ക് അല്പകാലം മാത്രമേ ജീവിക്കാൻ അർഹതയുള്ളൂ. നമ്മുടെ ദിനങ്ങൾ വെറും നിഴൽ പോലെ മാത്രമാണ് (1 ദിനവൃത്താന്തം 29:15). ഈ ലോകത്തിൽ ഞാൻ അപരിചിതനാണ് എന്ന് സങ്കീർത്തനക്കാരൻ പറയുന്നു (സങ്കീർത്തനങ്ങൾ 119:19). ഞാൻ പരദേശിയായി പാർക്കുന്ന വീട്ടിൽ നിന്റെ ചട്ടങ്ങൾ എന്റെ കീർത്തനം ആകുന്നു (സങ്കീർത്തനങ്ങൾ 119:54). നാം പരദേശികൾ ആകുന്നു എന്നാണ് പത്രൊസ് അപ്പൊസ്തലൻ പറയുന്നത് (1പത്രൊസ് 1:1,2).

മേൽപ്പറഞ്ഞ സത്യം മനസ്സിൽ വച്ചുകൊണ്ട് ഈ ലോകത്തിൽ ജീവിക്കുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. കൂടാതെ നമ്മുടെ സമ്പത്ത് സ്വർഗ്ഗത്തിൽ സൂക്ഷിക്കുവാനാണ് നമ്മോട് കല്പിച്ചിരിക്കുന്നത് (മത്തായി 6:19,20). നാം ഏതു രാജ്യത്തിലായിരുന്നാലും, ഏതു ഭാഷ സംസാരിച്ചാലും നാം ദൈവരാജ്യത്തിന്റെ ഓഹരിക്കാരാണെന്നു മറക്കരുത്. എന്നിരുന്നാലും നാം ജീവിക്കുന്ന രാജ്യത്തിന്റെ സ്വഭാവവും സംസ്ക്കാരവും ശീലങ്ങളുമെല്ലാം നാം സ്വീകരിക്കേണ്ടതായുണ്ട്. നമുക്ക് എല്ലാത്തിനും ദൈവത്തെ സ്തുതിച്ചുകൊണ്ട് പരസ്പരം ഭക്തിയോടെ ജീവിക്കാം. വേദപുസ്തകം അതിനെ ഇങ്ങനെ വിശദീകരിക്കുന്നു: **നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ദൈവവും പിതാവുമായവന്നു എല്ലായ്പോഴും എല്ലാറ്റിന്നു വേണ്ടിയും സ്തോത്രം ചെയ്തുകൊൾവിൻ. ക്രിസ്തുവിന്റെ ഭയത്തിൽ അന്യോന്യം കീഴ്പ്പെട്ടിരിപ്പിൻ. ഭാര്യമാരേ, കർത്താവിന്നു എന്നപോലെ സ്വന്ത ഭർത്താക്കന്മാർക്കു കീഴടങ്ങുവിൻ** (എഫെസ്യർ 5:20-22). ഭർത്താക്കന്മാരേ, നിങ്ങളുടെ ഭാര്യമാരെ സ്നേഹിക്കുവിൻ (എഫെസ്യർ 5:25,28).

നമ്മുടെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും നാം വിശുദ്ധരായിരിക്കണം (1 പത്രൊസ് 1:15). **അന്നാളിൽ കുതിരകളുടെ മണികളിന്മേൽ യഹോവെക്കു വിശുദ്ധം എന്നു എഴുതിയിരിക്കും...** (സെഖര്യാവു 14:20). **യിസ്രായേൽ യഹോവെക്കു വിശുദ്ധവും അവന്റെ വിളവിന്റെ ആദ്യഫലവും ആകുന്നു** (യിരെമ്യാവു 2:3). **അവർ കന്യകമാരാകയാൽ സ്ത്രീകളോടുകൂടെ മാലിന്യപ്പെടാത്തവർ; കുഞ്ഞാടു പോകുന്നേടത്തൊക്കെയും അവർ അവനെ അനുഗമിക്കുന്നു; അവരെ ദൈവത്തിന്നും കുഞ്ഞാടിന്നും ആദ്യഫലമായി മനുഷ്യരുടെ ഇടയിൽനിന്നു വീണ്ടെടുത്തിരിക്കുന്നു** (വെളിപ്പാടു 14:4).

നമ്മുടെ സ്വർഗ്ഗീയ പൗരത്വം നമ്മുടെ എല്ലാ പെരുമാറ്റത്തിലും പ്രതിഫലിക്കണം. നാം അതു കാത്തു പരിപാലിക്കേണ്ടതാണ്. മറ്റുള്ളവർ തെറ്റു ചെയ്യുന്നതുപോലെ എന്തുകൊണ്ടാണ് എനിക്കു ചെയ്യാൻ പാടില്ലാത്തതെന്ന് നാം പലപ്പോഴും ചിന്തിക്കുന്നുണ്ടായിരിക്കാം. മറ്റുള്ളവർ ചെയ്യുന്നതുപോലെ ചെയ്യാതെ എങ്ങനെയാണ് ഈ ലോകത്തിൽ ജീവിക്കുവാൻ കഴിയുക? അങ്ങനെയുള്ള സാഹചര്യങ്ങളിൽ മറ്റുള്ളവർ ചെയ്യുന്നതുപോലെ ചെയ്യാതിരിക്കാനുള്ള തീരുമാനം നമുക്ക് ഉണ്ടായിരിക്കണം. എന്റെ പാസ്റ്റർ റവ. സുന്ദരം ഇങ്ങനെ പറയുമായിരുന്നു: "മറ്റുള്ളവർക്കു ചെയ്യാം, പക്ഷെ ഞാൻ ചെയ്യാൻ പാടില്ല, ചെയ്യില്ല".

അതിനാൽ എല്ലാ സാഹചര്യത്തിലും നാം വേറിട്ട ജീവിതം നയിക്കണം. ആത്മീയ ജീവിതവും ലൗകീക ജോലികളും തൊഴിലുകളും തമ്മിൽ യാതൊരു ബന്ധവുമില്ലെന്നു ചില ക്രിസ്ത്യാനികൾ പറയുന്നു. അവരുടെ ആലയത്തിൽ അവർ കണ്ട സന്തോഷവും സ്നേഹവും സത്യവുമൊന്നും അവരുടെ ജോലിസ്ഥലത്തും തൊഴിൽ മേഖലയിലും കണ്ടെന്നു വരികയില്ല. ചിലർ ബിസിനസ് ചെയ്യുമ്പോഴും ദൈവവേല ചെയ്യുന്നു. അവരുടെ ബിസിനസ്സിൽ അവർ സത്യസന്ധത പുലർത്താറില്ല. ജോലി ചെയ്യുന്നവരും അതിൽ വിശ്വസ്തത പുലർത്തുന്നില്ല. അവർ മറ്റുള്ളവരെ വഞ്ചിക്കുന്നു, അവരുടെ ബിസിനസ്സ് തന്ത്രങ്ങൾ ദൈവവേലയിലും അവരുടെ പാസ്റ്റർമാരോടും കാണിക്കുന്നു. ബിസിനസ്സും ശുശ്രൂഷയും വ്യത്യസ്തമാണെന്ന് അവരെ ഉപദേശിക്കുകയാണെങ്കിൽ പറയും. ഈ ആശയം തികച്ചും തെറ്റാണ്. ദൈവത്തിന്റെ മക്കൾ തങ്ങളുടെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും വിശുദ്ധി കാത്തുസൂക്ഷിക്കേണ്ടതാണ്. "ശുശ്രൂഷയ്ക്കു ആക്ഷേപം വരാതിരിക്കേണ്ടതിന്നു ഞങ്ങൾ ഒന്നിലും ഇടർച്ചെക്കു ഹേതുകൊടുക്കാതെ..." (2കൊരിന്ത്യർ 6:3).

### ഒരു അനുഭവം

ഒരിക്കൽ ഞാൻ ഒരു അക്കോർഡിയൻ വാങ്ങുവാനായി അറിയപ്പെടുന്ന ഒരു ദൈവദാസനെ സമീപിച്ചു. അദ്ദേഹത്തിന് ഈ സംഗീതോപകരണം വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന തൊഴിൽ ഉണ്ടായിരുന്നു. ഒരു ഉപകരണം കാണിച്ചിട്ട് ഇത് ലോകത്തിലെ ഏറ്റവും മികച്ച കമ്പനിയാണ് ഉണ്ടാക്കിയത് എന്നു പറഞ്ഞു. ഞാൻ അർഹിക്കുന്ന വില നൽകി അതു വാങ്ങി. ഒരാഴ്ചക്കുള്ളിൽ എനിക്ക് ശുശ്രൂഷ സംബന്ധമായി പണം അത്യാവശ്യമായി എന്റെ ആവശ്യവും പറഞ്ഞ്

അക്കോർഡിയൻ വിൽക്കുവാനായി അദ്ദേഹത്തെ സമീപിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞത്: "ഇത് ആര് വാങ്ങിക്കും? ഇതിന്റെ നിർമ്മാതാക്കൾ ഇപ്പോൾ വിപണിയിലില്ല. വളരെ വർഷങ്ങൾക്കുമുമ്പ് അവർ ഫാക്ടറി അടച്ചുപൂട്ടി. ഇത് ഒരു നല്ല ഉപകരണമല്ല. ഇത് ആരും വാങ്ങുകയുമില്ല". അതുകൊണ്ട് ഇത് തിരികെ കൊണ്ടുപോകാൻ പറഞ്ഞു. പ്രീയപ്പെട്ട ദൈവമക്കളേ, നാം ഇങ്ങനെയാകരുത്. ദൈവമക്കൾ എന്ന പദവിയിൽനിന്നും നാം വഴുതിപ്പോകരുത്. വിവിധ തൊഴിലുകളിൽ പ്രവർത്തിക്കുന്ന ക്രിസ്ത്യാനികൾ വളരെ ജാഗ്രത പുലർത്തുകയും എല്ലാ കാര്യങ്ങളിലും എല്ലാ സമയത്തും തങ്ങളുടെ സ്ഥാനങ്ങൾ ഉയർത്തിപ്പിടിക്കുകയും വേണം.

വിശ്വാസികൾ ലൗകീകരായ ആളുകളോട് ഇടപഴകുകയും മദ്യപാനം, നൃത്തം, കൈക്കൂലി വാങ്ങുക, മയക്കുമരുന്ന് വിൽപ്പന, വ്യാപാര ദുഷ്പ്രവൃത്തികൾ തുടങ്ങിയവയിൽ ഏർപ്പെടരുത്.

## മറ്റൊരു അനുഭവം:

ഒരിക്കൽ ഞാൻ എന്റെ ഒരു സ്നേഹിതനെ പ്രശസ്തനായ ഒരു ഡോക്ടറുടെ അടുക്കൽ കൊണ്ടുപോയി. അദ്ദേഹത്തിന്റെ മുറിയിലേക്ക് ഞങ്ങൾ രണ്ടുപേരും കയറി. അനേകം മെഡിക്കൽ ഉപകരണങ്ങൾ അതിനകത്ത് സൂക്ഷിച്ചിരുന്നു. പക്ഷെ അദ്ദേഹം മുറിയിലില്ലായിരുന്നു. ഞങ്ങൾ അകത്തു പോയപ്പോൾ ചിലർ സംസാരിക്കുകയും ചിരിക്കുകയുമൊക്കെ ചെയ്യുന്നതു കണ്ടു. ഞങ്ങൾ കാണാൻ വന്ന ഡോക്ടർ അയാളാണെന്നു കരുതി അവിടെ കണ്ട വ്യക്തിയോട് സ്നേഹിതന്റെ പ്രശ്നങ്ങൾ പറയാൻ തുടങ്ങി. അദ്ദേഹം ഉടനെ മറ്റൊരാളെ ചൂണ്ടിക്കാണിച്ചു. ഞങ്ങളുടെ ബഹുമാനം തെറ്റായ വ്യക്തിയിലേക്കാണ് പോയത്. ദൈവം നമുക്ക് ഈ ലോകത്തിൽ തന്ന സ്ഥാനം ബഹുമാനത്തോടെ നിലനിർത്തണം. അതു നാം ചെറുതായി കാണരുത്. **അതുകൊണ്ടു സഹോദരന്മാരേ, നിങ്ങളുടെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പാക്കുവാൻ അധികം ശ്രമിപ്പിൻ. ഇങ്ങനെ ചെയ്താൽ നിങ്ങൾ ഒരുനാളും ഇടറിപ്പോകാതെ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ നിത്യരാജ്യത്തിലേക്കുള്ള പ്രവേശനം ധാരാളമായി പ്രാപിക്കും** (2 പത്രൊസ് 1:10,11).

ദൈവം നമുക്കു നൽകിയിട്ടുള്ള സ്ഥാനമാനങ്ങൾ എല്ലാ കാലത്തിലും ദൈവമക്കളായ നാം ബഹുമാനിക്കണം. വിശ്വാസികളും ദൈവദാസന്മാരും തങ്ങളുടെ ഉത്തരവാദിത്തങ്ങൾ നിറവേറ്റുവാൻ ശ്രദ്ധാലുക്കളായിരിക്കണം. ഈ ലോകത്തിലെ ഉന്നതർ ദൈവമക്കളാണ്. അവർ ഈ ലോകത്തിൽ ജീവിക്കുന്നു എങ്കിലും അവരുടെ ലക്ഷ്യസ്ഥാനം ദൈവരാജ്യമാണ്.

## 2. രക്ഷയുടെ വസ്ത്രം

**ഞാൻ യഹോവയിൽ ഏറ്റവും ആനന്ദിക്കും; എന്റെ ഉള്ളം എന്റെ ദൈവത്തിൽ ഘോഷിച്ചുല്ലസിക്കും; മണവാളൻ തലപ്പാവു അണിയുന്നതു പോലെയും മണവാട്ടി ആഭരണങ്ങളാൽ തന്നെത്താൻ അലങ്കരിക്കുന്നതു പോലെയും അവൻ എന്നെ രക്ഷാവസ്ത്രം ധരിപ്പിച്ചു നീതിയെന്ന അങ്കി ഇടുവിച്ചിരിക്കുന്നു** (യെശയ്യാവ് 61:20).

വസ്ത്രധാരണം മനുഷ്യനെ തിരിച്ചറിയിക്കുന്നു. ഒരു ആശുപത്രിയിൽ ഡോക്ടർമാർക്കും മറ്റു ജീവനക്കാർക്കും അവർ ചെയ്യുന്ന ജോലിക്കനുസൃതമായി വ്യത്യസ്ത തരം വസ്ത്രങ്ങൾ നൽകിയിരിക്കുന്നു. വാച്ച്മാൻ, സാനിട്ടറി തൊഴിലാളികൾ, നേഴ്സുമാർ, ഡോക്ടർമാർ എന്നിവരുടെ വേഷവും ഇതുപോലെ തന്നെ. ഇവരുടെയൊക്കെ വേഷം അവരുടെ കടമ എന്താണെന്ന് പറയുന്നു.

അതുപോലെ, യേശുക്രിസ്തുവിന്റെ രക്തത്താൽ കഴുകപ്പെടുന്ന ആളുകൾക്ക് രക്ഷയുടെ വസ്ത്രം നൽകുന്നു. **മുമ്പിലത്തെ നടപ്പു സംബന്ധിച്ചു ചതിമോഹങ്ങളാൽ വഷളായിപ്പോകുന്ന പഴയ മനുഷ്യനെ ഉപേക്ഷിച്ചു നിങ്ങളുടെ ഉള്ളിലെ ആത്മാവു സംബന്ധിച്ചു പുതുക്കം പ്രാപിച്ചു സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിച്ചുകൊൾവിൻ** (എഫെസ്യർ 4:22-24).

ചില വ്യക്തികളെ നമുക്ക് അറിയില്ലായിരിക്കാം, പക്ഷെ അവർ രക്ഷിക്കപ്പെട്ടവരാണെങ്കിൽ, അവരിലെ ദൈവീക സ്വഭാവവും രക്ഷയുടെ സന്തോഷവും നമുക്കു ഗ്രഹിക്കാൻ കഴിയും. നമ്മുടെ ആലയങ്ങളിൽ മാത്രമല്ല, നമ്മുടെ ജോലിസ്ഥലങ്ങളിലും ചന്തകളിലും മറ്റും നമ്മെ ദൈവമക്കളായി മറ്റുള്ളവർക്കു തിരിച്ചറിയാൻ കഴിഞ്ഞാൽ കർത്താവിന്റെ അനുഗ്രഹം നമ്മോടൊപ്പമുണ്ടാകും.

കർത്താവ്, ദൈവം, രക്ഷ, പ്രാർത്ഥന തുടങ്ങിയ വാക്കുകൾ ഒരു സമൂഹത്തിന്റെ മദ്ധ്യേ ഉപയോഗിക്കുവാൻ ദൈവമക്കൾ വരെ വിമുഖത കാണിക്കുന്ന കാലത്തിലാണ് നാം ജീവിക്കുന്നത്. ആരാധനയ്ക്കു പോകുമ്പോൾ കൈയ്യിൽ വേദപുസ്തകം കരുതുന്നതു അന്തസ്സിനു കുറച്ചിൽ ആയി ചിലർ കരുതുന്നു. "വിശുദ്ധ വേദപുസ്തകം വഹിക്കുന്ന കരങ്ങളും പ്രാർത്ഥനയിൽ കർത്താവിന്റെ സന്നിധിയിൽ കുനിയുന്ന കാൽമുട്ടുകളും ജീവിതത്തിൽ ഒരിക്കലും പരാജയപ്പെടുകയില്ല" എന്ന വസ്തുത ഇക്കാലത്തെ ആളുകൾക്ക് അറിയില്ല.

ഒരിക്കൽ ഞാൻ ഒരു കുടുംബത്തോടൊപ്പം ഒരു ഹോട്ടലിൽ പോയി. ഭക്ഷണം കഴി

06-ാം പേജിൽ തുടരും...


# नहेम्याह बाइबल कॉलेज
## रेसिडेन्शल कॉलेज, चेन्नई।

ECHO OF HIS CALL 1969-2019 (ECHO GROUP)

माध्यमः हिन्दी

सदस्यता के लिए पंजीकृत उम्मीदवार - ATA

ATA Regd. Candidate for Membership NEHEMIAH BIBLE COLLEGE CHENNAI ★ ECHO OF HIS CALL ★ Estd. 1969

सुविख्यात अंतर्राष्ट्रीय मसीही अगुवे तथा पिछले 53 वर्षों से सेवारत वरिष्ठ पासवान

सर्टिफिकेट इन थियोलॉजी – 1 साल

डिप्लोमा ऑफ थियोलॉजी – 2 साल

योग्यता 10 वी या अधिक
जल्दी करें!

**Contact : The Chairman, Nehemiah Bible College.**

10, MOHAMMED ABDULLAH 2ND STREET, CHEPAUK, CHENNAI - 600 005, INDIA.
Phone : (+91-44) 2852 8282, Cell : (+91) 98410 71852 / 95661 31858
E.mail : sam@echoofhiscall.org / Website : www.echoofhiscall.org

★ ऑनलाइन कक्षाएं उपलब्ध हैं ★

GREAT COMMISSION PARTNERS

ECHO OF HIS CALL MINISTRIES SINCE 1969

# പരമനിയോഗ ദൗത്യ പങ്കാളികൾ

**പങ്കിടൽ** (ഗലാത്യർ 6:2), **സഹായം** (റോമർ 12:13), **കൂടുതൽ വേഗത** (2 തിമൊഥെയോസ് 1:6)

## പ്രാർത്ഥനാ വിഷയങ്ങൾ

(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)

### സ്തോത്രത്തിനായുള്ള വിഷയങ്ങൾ

**ആഗസ്റ്റ് 19** : സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിലെ 10-ാം ക്ലാസ് വിദ്യാർത്ഥികൾ എല്ലാവരും പാസ്സായതിനായി.

**ആഗസ്റ്റ് 20** : വിളിയുടെ പ്രതിധ്വനി അസ്സോസിയേറ്റ് എഡിറ്റർമാർക്കും കുടുംബാംഗങ്ങൾക്കുമായി.

**ആഗസ്റ്റ് 21** : ഞങ്ങളുടെ പാസ്റ്റർമാർക്കായും മുഖ്യ/ബ്രാഞ്ച് സഭകളിലെ മുതിർന്ന അംഗങ്ങൾക്കായും .

**ആഗസ്റ്റ് 22** : നമ്മുടെ സുവിശേഷ അച്ചടിശാലക്കായും അതിന്റെ പരിചയസമ്പന്നരായ ജീവനക്കാർക്കായും.

**ആഗസ്റ്റ് 23** : വിളിയുടെ പ്രതിധ്വനിയുടെ 17 ഭാഷകളിലെ മാസികയുടെ അച്ചടി നമ്മുടെ സുവിശേഷ അച്ചടിശാലയിൽ ചെയ്തതിനും വിതരണം ചെയ്തതിനായും.

**ആഗസ്റ്റ് 24** : പ്രവർത്തന സ്ഥലങ്ങളിൽ നമ്മുടെ മിഷണറിമാരെയും കുടുംബങ്ങളെയും കാത്തുസൂക്ഷിക്കുന്നതിനായി.

**ആഗസ്റ്റ് 25** : മുഖ്യ സഭയിലെയും സഹോദര സഭകളിലെയും ഞായർ ആരാധനക്കായും വചനശുശ്രൂഷക്കുമായും.

**ആഗസ്റ്റ് 26** : നമ്മുടെ സഭകളിലെ പുതിയ അംഗങ്ങൾക്കായി.

**ആഗസ്റ്റ് 27** : നമ്മെ സഹായിക്കുന്നവരുടെ അനുഗ്രഹങ്ങൾക്കായി.

**ആഗസ്റ്റ് 28** : മുഖ്യ പാസ്റ്ററെയും കുടുംബാംഗങ്ങളെയും ദൈവം സംരക്ഷിക്കുന്നതിനായി.

**ആഗസ്റ്റ് 29** : നമ്മുടെ അസ്സോസിയേറ്റ് എഡിറ്റർമാരുടെ സഹകരണത്തിനായി.

**ആഗസ്റ്റ് 30** : നെഹെമ്യ ബൈബിൾ കോളേജി അനുയോജ്യരായ വിദ്യാർത്ഥികൾ ലഭിച്ചതിനായി.

**ആഗസ്റ്റ് 31** : കഴിഞ്ഞ മാസത്തെ ആവശ്യങ്ങൾ നിറവേറ്റിയതിന്.

**സെപ്റ്റംബർ 01** : സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ, നെഹെമ്യ ബൈബിൾ കോളേജ്, കറസ്പോണ്ടൻസ് കോഴ്സുകൾ എന്നിവക്കായി.

**സെപ്റ്റംബർ 02**: മിഷണറി പ്രവർത്തകരുടെ അർപ്പണ മനോഭാവത്തിനായി.

**സെപ്റ്റംബർ 03**: സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിലെ പുതിയ വിദ്യർത്ഥികൾക്കായി.

### പ്രാർത്ഥനയ്ക്കായുള്ള വിഷയങ്ങൾ

**സെപ്റ്റംബർ 04**: നമ്മുടെ ശുശ്രൂഷകൾക്കായും അതിന്റെ വികസനത്തിനായും.

**സെപ്റ്റംബർ 05**: നമ്മുടെ ശുശ്രൂഷാപ്രവർത്തനങ്ങളുടെ പങ്കാളികൾ ക്കായും വിളിയുടെ പ്രതിധ്വനിയുടെ സംസ്ഥാന കോഡിനേറ്റർമാർക്കായും.

**സെപ്റ്റംബർ 06**: സുവിശേഷം ലോകം മുഴുവനും എത്തിക്കുവാനായി.

**സെപ്റ്റംബർ 07**: ഇന്ത്യയിൽ സുവിശേഷം എത്തിച്ചേരാത്ത സ്ഥലങ്ങളിൽ എത്തിക്കാൻ സാധിച്ചതിനായി.

**സെപ്റ്റംബർ 08**: ലോകം മുഴുവനുമുള്ള സമാധാനത്തിനായും ഐക്യത്തിനായും.

**സെപ്റ്റംബർ 09**: മുഖ്യസഭയിലെയും ബ്രാഞ്ച് സഭകളിലെയും അംഗങ്ങളുടെ അനുഗ്രഹത്തിനായി.

**സെപ്റ്റംബർ 10** : ലോകം മുഴുവനുമുള്ള എല്ലാ സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണക്കായി.

**സെപ്റ്റംബർ 11** : സീനിയർ പാസ്റ്ററിനെയും കുടുംബാംഗങ്ങളെയും സകല ദുഷ്ടശക്തികളിൽനിന്നും വിടുവിക്കപ്പെടുവാൻ.

**സെപ്റ്റംബർ 12** : ജീവനക്കാർ സുരക്ഷിതരായും സമാധാനത്തോടും ഓഫീസ് പരിസരത്ത് ആയിരിക്കുവാൻ.

**സെപ്റ്റംബർ 13** : നെഹെമ്യ ബൈബിൾ കോളേജിൽ പുതിയ വിദ്യാർത്ഥികൾ ലഭിക്കുവാൻ.

**സെപ്റ്റംബർ 14** : മോശമായ പ്രവൃത്തികൾ ചെയ്യുന്നവരും മദ്യപാനികളും അനുതാപത്തലേക്ക് കടന്നുവരുവാൻ.

**സെപ്റ്റംബർ 15** : 2022-23 ൽ സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിൽ കൂടുതൽ വിദ്യാർത്ഥികൾ ലഭിക്കുവാൻ.

**സെപ്റ്റംബർ 16** : ഈ മാസത്തെ എല്ലാ ആവശ്യങ്ങളും നിറവേറപ്പെടുവാൻ.

**സെപ്റ്റംബർ 17** : ലോകം മുഴുവനുമുള്ള എല്ലാ ക്രിസ്ത്യാനികളും സമാധാനത്തോടും സന്തോഷത്തോടും കഴിയുവാനായി.

**സെപ്റ്റംബർ 18** : സംസ്ഥാന കോഡിനേറ്റർമാരുടെയും കുടുംബാംഗങ്ങളുടെയും അനുഗ്രഹത്തിനായി.

... 4-ാം പേജിന്റെ തുടർച്ച

ക്കാൻ തുടങ്ങുന്നതിനുമുമ്പ് ഒരു നല്ല ദിവസം തന്നതിനായി കർത്താവിനെ സ്തുതിച്ച് ഒരു പ്രാർത്ഥന നടത്തി. ഞങ്ങൾ പ്രാർത്ഥന പൂർത്തിയാക്കിയപ്പോൾ അപ്പുറത്തെ കസേരകളിൽ ഇരുന്ന ക്രിസ്ത്യാനികളായവർ ഞങ്ങളെ പരിഹസിച്ച് ചിരിക്കുന്നതു കാണാമായിരുന്നു. അവരുടെ നോട്ടവും പ്രവൃത്തിയുമെല്ലാം ഇപ്പോഴും ഇത്തരത്തിലുള്ള ആളുകൾ ഉണ്ടോ എന്ന് പറയുന്നതുപോലെ തോന്നി. നമുക്ക് അതു വിടാം.

എല്ലാ സ്ഥലങ്ങളിലും സാഹചര്യങ്ങളിലും, ദൈവമക്കൾ എന്ന നിലയിൽ നാം ഈ ഗുണങ്ങൾ നല്ല രീതിയിൽ വളർത്തിയെടുക്കാൻ ശ്രമിക്കണം. നമ്മെ കാണുന്നവർ നാം രക്ഷിക്കപ്പെട്ടവരാണ് എന്നു സ്വയം മനസ്സിലാക്കണം. നമ്മുടെ സംസ്കാരത്തിൽനിന്നും ശീലങ്ങളിൽ നിന്നും ഒരാൾ നമ്മോടു ഇങ്ങനെ ചോദിക്കണം: നിങ്ങൾ ഒരു ക്രിസ്ത്യാനിയാണോ? നിങ്ങൾ രക്ഷിക്കപ്പെട്ട വ്യക്തിയാണോ? നമ്മുടെ രൂപവും വസ്ത്രധാരണവുമെല്ലാം അതിനു യോജിച്ചതായിരിക്കണം. നമ്മുടെ മുഖം നമ്മുടെ ഹൃദയത്തെ പ്രതിഫലിക്കണം.

ഒരിക്കൽ ഞാൻ കാനഡയിൽ ഒരു മിഷൻ യാത്രയ്ക്കു പോയി. പക്വതയുള്ള ഒരു ദൈവപുരുഷൻ തന്റെ പള്ളിയിൽ ശുശ്രൂഷ ചെയ്യാൻ എന്നോടു പറഞ്ഞു. അയാൾ വളരെ ദയയുള്ളവനായിരുന്നു. ഞാൻ അദ്ദേഹത്തിൽ ദൈവത്തിന്റെ രൂപം കാണാൻ കഴിഞ്ഞു. വൈകുന്നേരം അദ്ദേഹം എന്നെയും കൂട്ടി ഒരു സ്ഥലത്തു പോയി ഒരു ദൈവദാസന്റെ വസ്ത്രധാരണവും പെരുമാറ്റവുമെല്ലാം ഏതു രീതിയിൽ ആയിരിക്കണമെന്ന് പഠിപ്പിച്ചു. മദ്യപിക്കരുതെന്നും നിസ്സാരമായ സുഖങ്ങളിൽ മുഴുകരുതെന്നും ജനങ്ങളോട് പറയുന്നവർ പറഞ്ഞതുപോലെ ജീവിക്കുന്നവരായിരിക്കണം. എന്നാൽ ചിലർ വിമാനത്തിൽ യാത്ര ചെയ്യുമ്പോഴും വിദേശത്ത് താമസിക്കുമ്പോഴും അവർ തോന്നിയതുപോലെ ജീവിക്കുന്നു. ഇതു ദയനീയമായ കാര്യമാണ്.

റോഡിലൂടെ വാഹനങ്ങൾ അതിവേഗം കടന്നുപോകുന്നു. വാഹനങ്ങൾ അതിവേഗം പാഞ്ഞു പോകുന്നു എങ്കിലും എത്രയധികം വാഹനങ്ങൾ ഉണ്ടെങ്കിലും ട്രാഫിക് പോലീസിന്റെ "സ്റ്റോപ്പ്" സിഗ്നൽ കാണുമ്പോൾ എല്ലാം നിറുത്തുന്നു. ഇവിടെ നമുക്ക് ട്രാഫിക്ക് പോലീസിന്റെ വേഷമിട്ട ഒരാൾ സ്റ്റോപ്പ് സിഗ്നൽ കാണിക്കുന്നതും ആ യൂണിഫോമില്ലാത്ത ഒരാൾ സിഗ്നൽ കാണിക്കുന്നതും തമ്മിലുള്ള വ്യത്യാസം കാണുവാൻ കഴിയും. അവൻ ധരിക്കുന്ന യൂണിഫോം അവന്റെ അധികാരത്തെ സ്ഥിരീകരിക്കുന്നു. നമ്മുടെ ആത്മീയ ജീവിതത്തിൽ നമ്മുടെ രക്ഷയുടെ അനുഭവം നമുക്ക് അധികാരവും എല്ലാ തിന്മകളിൽനിന്നും സംരക്ഷണവും നൽകുന്നു.

**നിന്റെ രക്ഷ എന്ന പരിചയെ നീ എനിക്കു തന്നിരിക്കുന്നു; നിന്റെ വലങ്കൈ എന്നെ താങ്ങി നിന്റെ സൗമ്യത എന്നെ വലിയവനാക്കിയിരിക്കുന്നു** എന്ന് സങ്കീർത്തനങ്ങൾ 18:35ൽ പറയുന്നു. നമുക്ക് സമാധാനമായി ജീവിക്കണമെങ്കിൽ കർത്താവിന്റെ രക്ഷ എന്ന പരിച നാം മുറുകെ പിടിക്കണം. എല്ലാ തിന്മകളിൽ നിന്നും ദുരന്തങ്ങളിൽ നിന്നുമെല്ലാം നമ്മെ സംരക്ഷിക്കുന്ന കവചമായി അത് പ്രവർത്തിക്കും. ഏതു സാഹചര്യത്തിലായാലും രക്ഷ ഒരു കവചമായി നമ്മെ സംരക്ഷിക്കുന്നു.

പിശാചിനോടും ലൗകീക ജനതയോടും പോരാടുമ്പോൾ രക്ഷയുടെ കവചം നമ്മെ സംരക്ഷിക്കുന്നു. ശുശ്രൂഷയിലുള്ള എന്റെ ഒരു സ്നേഹിതൻ എന്നോട് ഒരു യഥാർത്ഥ കഥ പറഞ്ഞു. ഒരു മനുഷ്യൻ ദുരാത്മാക്കളുടെ പിടിയിലാകുകയും പറഞ്ഞറിയിക്കാനാകാത്ത രീതിയിലുള്ള യാതനകൾ സഹിക്കുകയും ചെയ്തു. അയാൾക്ക് ഭക്ഷണം കഴിക്കാൻ കഴിയുമായിരുന്നില്ല. അയാളെ കടന്നു പോകുന്നവരെ ഉപദ്രവിക്കുമായിരുന്നു. ഇയാളെ എന്റെ സ്നേഹിതന്റെ അടുക്കൽ പ്രാർത്ഥിക്കാനായി കുടുംബാംഗങ്ങൾ കൊണ്ടു വന്നു.

ദൈവദാസൻ പ്രാർത്ഥിക്കാൻ തുടങ്ങിയപ്പോൾ രോഗിയുടെ ഉള്ളിലെ ദുരാത്മാവ് ഇങ്ങനെ പറഞ്ഞു: "ഇയാൾ ജീവനുള്ള ദൈവമായ യേശുക്രിസ്തുവിനെ ആരാധിക്കുന്നവനായിരുന്നു. ഈ അടുത്ത സമയത്ത് ആത്മാക്കൾക്കുവേണ്ടിയുള്ള യാഗങ്ങളിൽ ഇയാൾ പങ്കെടുത്തു. അതിനാൽ ഞാൻ വന്ന് അയാളോടൊപ്പം താമസമാരംഭിച്ചു. അയാളുടെ മാതാപിതാക്കാൾ അയാൾക്ക് ഇമ്മാനുവേൽ എന്ന് പേരിട്ടിരുന്നതിനാൽ എനിക്ക് ഇയാളെ കൂടുതൽ ഒന്നും ചെയ്യാൻ സാധിച്ചില്ല. അവൻ ഈ പേര് വഹിക്കുന്നതിനാൽ എനിക്ക് അവനെ നശിപ്പിക്കാൻ കഴിഞ്ഞില്ല". ഇമ്മാനുവേൽ എന്ന പേരിനു മുമ്പിൽ തന്നെ സാത്താന്റെ ശക്തി ഇല്ലാതാകുന്നു.

അതിനാൽ കുട്ടികൾക്ക് പേരിടുമ്പോൾ നാം വളരെ ശ്രദ്ധിക്കണം. ചില മാതാപിതാക്കൾ, അല്പം പോലും ശ്രദ്ധിക്കാതെ, ഉച്ചരിക്കാൻ പോലും പ്രയാസമുള്ള പേരുകൾ മക്കൾക്ക് ഇടുന്നു. കുട്ടികൾക്ക് ബൈബിളിലുള്ള പേരുകൾ നൽകി സന്തോഷിക്കുവിൻ. ആത്മീയ നേതാക്കളുടെയോ മിഷണറിമാരുടെയോ പേരുകൾ നൽകി വിജയകരമായ ജീവിതം ചെയ്യാൻ അവരെ പ്രാപ്തരാക്കാം. ഇങ്ങനെയുള്ള കാര്യങ്ങൾ അവർക്ക് ദീർഘായുസ്സും ജീവിതത്തിൽ നല്ല ലക്ഷ്യവും നൽകും. **ഞാൻ കള്ളനെപ്പോലെ വരും തന്റെ ലജ്ജ കാണുമാറു നഗ്നനായി നടക്കാതിരിപ്പാൻ തന്റെ**


നെഹെമ്യ ബൈബിൾ
സായാഹ്ന കോളേജ്
ചെപ്പോക്ക് & സന്തോഷപുരം, ചെന്നൈ
ഭാഷ : തമിഴ്
അപേക്ഷകനുള്ള മെമ്പർഷിപ്പ് - ATA
കഴിഞ്ഞ 53 വർഷങ്ങളായി അന്താരാഷ്ട്ര ക്രിസ്തീയ നേതാക്കളും മുതിർന്ന പാസ്റ്റർമാരും അംഗീകരിച്ചത്
വേദശാസ്ത്രത്തിൽ സർട്ടിഫിക്കറ്റ് : ഒരു വർഷം
വേദശാസ്ത്രത്തിൽ ഡിപ്ലോമ : രണ്ടു വർഷം
യോഗ്യത : പത്താം ക്ലാസ്സോ അതിനു മുകളിലോ
അതിവേഗം അഡ്മിഷൻ നേടുവിൻ!
10, MOHAMMED ABDULLAH 2ND STREET, BELLS ROAD, CHEPAUK, CHENNAI - 600 005, INDIA.
Phone : (+91-44) 2852 8282, Cell : (+91) 98410 71852 / 95661 31858
E-mail : sam@echoofhiscall.org / Website : www.echoofhiscall.org

ഉടുപ്പു സൂക്ഷിച്ചും ജാഗരിച്ചും കൊള്ളുന്നവൻ ഭാഗ്യവാൻ (വെളിപ്പാട് 16:15).

### 3. വേർപിരിഞ്ഞ ജീവിതം വിജയമാണ്.

**ആകയാൽ പ്രീയ മക്കൾ എന്നപോലെ ദൈവത്തെ അനുകരിപ്പിൻ. ക്രിസ്തുവും നിങ്ങളെ സ്നേഹിച്ചു നമുക്കുവേണ്ടി തന്നെത്താൻ ദൈവത്തിന്നു സൗരഭ്യവാസനയായ വഴിപാടും യാഗവുമായി അർപ്പിച്ചതുപോലെ സ്നേഹത്തിൽ നടപ്പിൻ. ദുർന്നടപ്പും യാതൊരു അശുദ്ധിയും അത്യാഗ്രഹവും നിങ്ങളുടെ ഇടയിൽ പേർ പറകപോലും അരുത്; അങ്ങനെ ആകുന്നു വിശുദ്ധന്മാർക്കു ഉചിതം. ചീത്തത്തരം, പൊട്ടച്ചൊൽ, കളിവാക്കു, ഇങ്ങ നെ ചേർച്ചയല്ലാത്തവ ഒന്നും അരുതു; സ്തോത്രമത്രെ വേണ്ടതു. ദുർന്നടപ്പുകാരൻ, അശുദ്ധൻ, വിഗ്രഹാരാധിയായ ദ്രവ്യാഗ്രഹി ഇവർക്കു ആർക്കും ക്രിസ്തുവിന്റെയും ദൈവത്തിന്റെയും രാജ്യത്തിൽ അവകാശമില്ല എന്നു നിങ്ങൾ അറിയുന്നുവല്ലോ** (എഫെസ്യർ 5:1-5).

ചിലർ ഈ ലോകത്തിൽ ജീവിക്കുന്നതു, അവരുടെ ഇഷ്ടത്തിന്നനുസരിച്ച് ജീവിക്കുകയും സംസാരിക്കുകയും ചെയ്യാം എന്ന ചിന്തയിലാണ്. എന്നാൽ തന്റെ ജനം ഈ ലോകത്തിന് അനുരൂപപ്പെടരുത് എന്നു ദൈവം ആഗ്രഹിക്കുന്നു. ലോകത്തോടു ചേർന്നു ജീവിക്കാൻ ലോകം പറഞ്ഞേക്കാം. പക്ഷെ നാം വേറിട്ട ജീവിതം നയിക്കണമെന്നാണ് ദൈവഹിതം. എന്നാൽ ചില ക്രിസ്ത്യാനികൾ വേറിട്ട ജീവിതം എന്നു പറഞ്ഞ് മറ്റു ക്രിസ്ത്യാനികളോടുപോലും ചേരാതെ തങ്ങൾ വേറിട്ടവരാണെന്നും മറ്റുള്ളവരേക്കാൾ വചനം അവർക്ക് നന്നായി അറിയാം എന്നാണ് പറയുന്നത്. ഇതു തെറ്റാണ്. വചനം പഠിപ്പിക്കുന്ന വേറിട്ട ജീവിതം വ്യത്യസ്തമാണ്. ക്രിസ്ത്യാനികൾ ഒത്തുചേരുന്നതിൽ തെറ്റില്ല. നാം ഇതു ശരിയായി മനസ്സിലാക്കുകയും വേറിട്ട ജീവിതത്തിന് താഴെ പറയുന്ന കാര്യങ്ങൾ മുറുകെ പിടിക്കുകയും വേണം.

#### എ. ദൈവത്തെ അനുഗമിക്കുക

ഇക്കാലത്ത് അനേകം ക്രിസ്ത്യാനികൾ രാഷ്ട്രീയത്തിൽ ഇടപെടുന്നു. അവിടെയും അവർ സത്യം കാത്തുസൂക്ഷിച്ചാൽ ദൈവനാമം അശുദ്ധമാകുകയില്ല. ജനങ്ങളെ സേവിക്കുന്നതിനുള്ള മാർഗ്ഗമായി അവർ അതിനെ എടുത്തേക്കാം. എന്നാൽ അത് അവരുടെ ആദ്യസ്നേഹം ആകരുത്. അവരുടെ ജീവിതത്തിൽ യേശുവിനായിരിക്കണം ഒന്നാം സ്ഥാനം. എന്നാൽ ചില പാസ്റ്റർമാർപോലും രാഷ്ട്രീയത്തിൽ ഇറങ്ങി അവരുടെ സമയവും കഴിവുകളും പാഴാക്കുന്നു. അവരുടെ ആലയത്തിനും കുടുംബങ്ങൾക്കുംവേണ്ടി ചിലവാക്കാനുള്ള സമയവും പണവും രാഷ്ട്രീയത്തിനായി ചെലവാക്കരുത്. ദൈവത്തിന്റെ ശുശ്രൂഷയിലേക്ക് വിളിക്കപ്പെട്ട പാസ്റ്റർമാർ രാഷ്ട്രീയത്തിൽ ഇടപെടരുത്.

#### ബി. ലൗകീക കാര്യങ്ങളിൽ കുടുങ്ങരുത്.

**എന്റെ മകനേ, ക്രിസ്തുയേശുവിലുള്ള കൃപയാൽ ശക്തിപ്പെടുക. ക്രിസ്തുയേശുവിന്റെ നല്ല ഭടനായി നീയും എന്നോടുകൂടെ കഷ്ടം സഹിക്ക. പട ചേർത്തവനെ പ്രസാദിപ്പിക്കേണ്ടതിന്നു യാതൊരു പടയാളിയും ജീവനകാര്യങ്ങളിൽ ഇടപെടാതിരിക്കുന്നു. ഒരുത്തൻ മല്ലുകെട്ടിയാലും ചട്ടപ്രകാരം പോരായ്കിൽ കിരീടം പ്രാപിക്കയില്ല** (2 തിമൊഥെയോസ് 2:1,3-5). ശുശ്രൂഷയിലേക്ക് വിളിക്കപ്പെടുന്ന ഒരാൾക്ക് തന്റെ കുടുംബം പോറ്റുന്നതിനായി പ്രവർത്തിക്കാം. എന്നിരുന്നാലും രാഷ്ട്രീയം, കൂട്ടായ്മകൾ, വ്യാപാരങ്ങൾ, ക്ലബുകൾ മുതലായവയിൽ അവൻ സ്വയം കുടുങ്ങിപ്പോകരുത്. ഇവിടെ "കുടുങ്ങുക" എന്ന വാക്ക് വളരെ പ്രധാനമാണ്. **രണ്ടു യജമാനന്മാരെ സേവിക്കാൻ ഒരു ഭൃത്യന്നും കഴികയില്ല; അവൻ ഒരുവനെ പകെച്ചു മറ്റവനെ സ്നേഹിക്കും; അല്ലെങ്കിൽ ഒരുത്തനോടു പറ്റിച്ചേർന്നു മറ്റവനെ നിരസിക്കും; നിങ്ങൾക്കു ദൈവത്തെയും മമ്മോനെയും സേവിപ്പാൻ കഴികയില്ല** (ലൂക്കൊസ് 16:13).

#### സി. സ്നേഹത്തിൽ നടക്കുവിൻ

**ക്രിസ്തുവും നിങ്ങളെ സ്നേഹിച്ചു നമുക്കുവേണ്ടി തന്നെത്താൻ ദൈവത്തിന്നു സൌരഭ്യവാസനയായ വഴിപാടും യാഗവുമായി അർപ്പിച്ചതുപോലെ സ്നേഹത്തിൽ നടപ്പിൻ** (എഫെസ്യർ 5:2).

1കൊരിന്ത്യർ 13-ാം അദ്ധ്യായത്തിൽ തികഞ്ഞ സ്നേഹത്തെക്കുറിച്ച് പ്രതിപാദിക്കു

*09-ാം പേജിൽ തുടരും...*


## ഇന്ത്യയ്ക്കകത്തുള്ള അപേക്ഷകർക്കുള്ള തപാൽ കോഴ്സുകൾ

### 1. ബൈബിൾകോർ

വേദപുസ്തകത്തിലെ പ്രാഥമിക സത്യങ്ങൾ ക്രിസ്ത്യാനികൾക്കും അക്രൈസ്തവർക്കും തപാൽ കോഴ്സുകൾ ഇംഗ്ലീഷ് (57പേജുകൾ), ഹിന്ദി (76പേജുകൾ), തമിഴ്(96പേജുകൾ) എന്നീ ഭാഷകളിൽ തപാലിൽ കോഴ്സുകൾ ഞങ്ങൾ ചെയ്യുന്നു. പുതിയ ജീവിതം-നിങ്ങൾക്ക് എന്ന കോഴ്സ് ബുക്ക് നിങ്ങൾക്ക് ലഭിക്കുന്നു. കോഴ് സ് പൂർത്തിയാക്കുമ്പോൾ സർട്ടി ിക്കേ റ്റ് ലഭിക്കുന്നതാണ്. നിർബന്ധിത ഫീ സ് ഇല്ല. നിങ്ങൾ അനുഗ്രഹിക്കപ്പെടും.

### 2. തിയോളജിക്കൽ കറസ് പോണ്ടൻസ് കോഴ്സ്

തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ് എന്ന പേരിലുള്ള ആധുനിക വിദൂര വിദ്യാഭ്യാസം ഇംഗ്ലീഷ് (537 പേജുകൾ), തമിഴ് (652 പേജുകൾ) എന്നീ ഭാഷകളിൽ സുവിശേഷ പ്രവർത്തനത്തിന് താല്പര്യമുള്ള പാസ്റ്റർമാർ, സുവിശേഷകർ, ക്രിസ്തീയ നേതാക്കൾ, സാധാരണ ജനങ്ങൾ എന്നിവർക്ക് ലഭ്യമാണ്. ഫീസ് 1000/-രൂപ 149 അദ്ധ്യായങ്ങളുള്ള 7 ബുക്കുകൾ തരുന്നതാണ്. സർട്ടിഫിക്കേറ്റ് ഇൻ മിനിസ്ട്രി നൽകുന്നതാണ്. ദൈവം നിങ്ങളെ അനുഗ്രഹിക്കും.

*കൂടുതൽ വിവരങ്ങൾക്ക് എഴുതുവിൻ.*

**The Chairman, Nehemiah Bible College,**
Echo of His Call, Post Box 2957
CHEPAUK, CHENNAI - 600 005.
Ph.: (044) 2852 8282, 2852 9293, 2854 7766,
Cell : 98410 71852, 95661 31858
E.mail : biblecor@yahoo.co.in


## നികുതി ഇളവ്

"ECHO OF HIS CALL EDUCATIONAL TRUST" ന് വ്യക്തിയോ സംഘടനയോ നൽകുന്ന സംഭാവനകൾ വരുമാന നികുതി ആക്ട് 80 ജി പ്രകാരം നികുതി ഇളവിന് അർഹമാണ്. ഇതിന് ഔദ്യോഗിക രസീത് നൽകുന്നതാണ്. ഇത്തരം സംഭാവനകൾക്കുള്ള പണച്ചീട്ട്, ഡ്രാഫ്റ്റ് എന്നിവ എക്കോ ഓഫ് ഹിസ് കോൾ എഡ്യൂക്കേഷണൽ ട്രസ്റ്റ് എന്ന പേരിൽ എടുത്ത് ഞങ്ങൾക്ക് അയച്ചുതരിക.

| | |
|---|---|
| Account Name | : ECHO OF HIS CALL EDUCATIONAL TRUST |
| Account Number | : 1023 2923 805 |
| Bank Name | : STATE BANK OF INDIA |
| Branch | : TRIPLICANE, CHENNAI - 600 005 |
| IFSC Code | : SBIN 0000249 |
| SWIFT Code | : SBI NIN BB 455 |



# കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്


## PIT TO PALACE

(പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)

"വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ" (മത്തായി 24:15)

## ദൈവവേലയ്ക്കായുള്ള എന്റെ വിളി

## My call for God's Work




*S. Sam Selva Raj (Age : 18)*

പരിശുദ്ധാത്മാവിന്റെ സ്വാധീനം എന്റെ കൗമാരപ്രായത്തിന്റെ 16 മുതൽ 18 വയസ്സു വരെ എന്റെ ആന്തരിക മനുഷ്യന്റെ സ്വഭാവത്തെയും ചിന്തകളെയും രൂപാന്തരപ്പെടുത്താൻ തുടങ്ങി. അത് ടൈപ്പ് റൈറ്റിംഗ്, ഷോർട്ട് ഹാന്റ്, ഇംഗ്ലീഷ് ഭാഷ എന്നിവ പഠിച്ച് എന്റെ കഴിവുകൾക്ക് മൂർച്ച കൂട്ടുവാൻ എന്നെ സഹായിച്ച്. അത് എന്റെ ഇന്നത്തെ ശുശ്രൂഷയ്ക്ക് വളരെ ഉപയോഗപ്രദമായിത്തീർന്നു. അതുപോലെ യഥാർത്ഥ ദൈവദാസന്മാരായ റവ. എസ്. ദേവദാസൻ (ഹെറാൾഡ് ഓഫ് ഹിസ് കമിംഗ്), പാസ്റ്റർ. സാധു യേശുദാസ് (കിരുബാസനം സഭ), പാസ്റ്റർ. അബ്രഹാം (ഇന്ത്യൻ പെന്തെക്കോസ്ത് സഭ), പാസ്റ്റർ. എൻ. ജീവനാഥം (മഗിഴ്ചി മാഗസിൻ), സിസ്റ്റർ സാറാ നവറോജി (ചെന്നൈ) എന്നിവരെ വ്യക്തിപരമായി പരിചയപ്പെടുവാൻ അവസരം ലഭിച്ചു. ആത്മീയ സത്യസന്ധത, ആത്മീയ ജീവിതത്തോടുള്ള ആകർഷണം, കഠിനാധ്വാനം ചെയ്യാനുള്ള ദൃഢനിശ്ചയം, ക്ഷമ, സ്നേഹം, ത്യാഗം, വിനയം, വിധേയത്വം, അനുസരണം, ഉപവാസം, പ്രാർത്ഥന, ദൈവത്തെ സേവിക്കുക എന്നിവയിൽ അവരെ സൂക്ഷ്മമായി നിരീക്ഷിച്ച് പഠിക്കുവാൻ എനിക്കു സാധിച്ചു.



*Sis. Sarah Navaroji*



*Pastor Sadhu Yesudas*

അവരുടെ ആത്മീയ കാൽപ്പാടുകൾ പിന്തുടരുമ്പോൾ, സ്വർഗ്ഗത്തിൽ നമുക്കുവേണ്ടി കരുതി വച്ചിരിക്കുന്ന നന്മ ഈ ലോകത്തിലും ആസ്വദിക്കുവാൻ കഴിയുമെന്ന് ഞാൻ ശക്തമായി മനസ്സിലാക്കി.


അക്കാലത്ത് പരേതനായ റവ. എസ്. ദേവദാസൻ (ഹെറാൾഡ് ഓഫ് ഹിസ് കമിംഗ്), കർത്താവിനെ സേവിപ്പാൻ തന്നോടൊപ്പം ചേരുവാൻ ആഹ്വാനം ചെയ്തുകൊണ്ട് എനിക്കു കത്തയച്ചു. അത് എന്റെ ഭാവിയ്ക്ക് നല്ലതായിരിക്കുമെന്ന് കണ്ടതിനാൽ എനിക്കു വലിയ സന്തോഷമായിരുന്നു എങ്കിലും എന്റെ മാതാപിതാക്കൾ ഒന്നും പറഞ്ഞില്ല. അതുകൊണ്ട് ഞാൻ എന്റെ ലളിതമായ സാക്ഷ്യങ്ങൾ പങ്കുവയ്ക്കുകയും പതിവുപോലെ പ്രാർത്ഥിക്കുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്തുകൊണ്ട് ജീവിതം തുടർന്നു. ഞാൻ എന്നെ പൂർണ്ണമായി കർത്താവിന് സമർപ്പിക്കുകയും ഈ വെല്ലുവിളിയിൽ എന്നെ നയിക്കുവാനായി ക്ഷമയോടെ കാത്തിരിക്കുകയും ചെയ്തു.

ഈ വിഷയത്തിന്മേൽ തീരുമാനം ഉണ്ടായില്ല എങ്കിലും എനിക്ക് ചില സുഹൃത്തുക്കളുടെ സഹായം ലഭിച്ചു. അങ്ങനെ എന്റെ ആത്മീയ ജീവിത ത്തിൽ ഒരു പിന്മാറ്റം ഉണ്ടായി. ദൈവ ഭയവും ദൈവവിശ്വാസവും എനിക്ക് ഉണ്ടായിരുന്നെങ്കിലും എന്തെങ്കിലും നേടണമെന്നുള്ള അമിതമായ ആഗ്രഹവും ഉണ്ടായിരുന്നു. അതുകൊണ്ട് എന്റെ വീടിന്റെ ഒരു ഭാഗം എന്റെ സു ഹൃത്തുക്കൾക്ക് രാഷ്ട്രീയ പ്രവർത്തനങ്ങൾക്കായി മാറ്റിവച്ചു. സുഹൃത്തുളായ ജോൺ, പെരുമാൾ ആശാരി, മണികണ്ഠൻ എന്നിവരോടൊപ്പം ഞാനും ചേർന്നു. ഞാൻ സോംബേരി മഠം (Lazy Convent) എന്ന പേരിൽ ഒരു സംഘടന പോലും ഉണ്ടാക്കി. അങ്ങനെ എന്റെ ജീവിതം വഴി തെറ്റിപ്പോയി. എന്റെ മാതാപിതാക്കൾക്കും ബന്ധുക്കൾക്കും എന്തു ചെയ്യണമെന്ന് അറിയില്ലായിരുന്നു. പക്ഷെ എന്റെ അമ്മ ശക്തമായി പ്രാർത്ഥിക്കാൻ തുടങ്ങി.



*Pr. S. Sam Selva Raj & Rev. S. Devadasan*

ഈ സാഹചര്യത്തിലാണ് വെള്ള വസ്ത്രം ധരിച്ച, ഒരു കൈയ്യിൽ വേദപുസ്തകവും മറ്റെ കൈയ്യിൽ കുടയുമായി 62 വയസ്സു പ്രായമുള്ള റവ. എസ്. ദേവദാസൻ എന്റെ വീട്ടിൽ കടന്നുവന്നത്. ആ സമയത്ത് അദ്ദേഹം എന്റെ വീട്ടിൽ വരുമെന്ന് ഞാൻ അല്പം പോലും പ്രതീക്ഷിച്ചിരുന്നില്ല. ഒരിക്കൽ മാത്രമേ ഞാൻ അദ്ദേഹത്തെ ഓഫീസിൽ വച്ച് കണ്ടിട്ടുള്ളു. പേടി കാരണം ഞാൻ അമ്മയുടെ പുറകിൽ മറഞ്ഞുനിന്നു. അദ്ദേഹം എന്നെയും എന്റെ മുറിയെയും ശാന്തതയോടും ഗൗരവത്തോടും നോക്കുന്നുണ്ടായിരുന്നു. അവസാനം അദ്ദേഹം എന്നെയും അമ്മയെയും നോക്കി ഇങ്ങനെ പറഞ്ഞു: "ദൈവം ഈ ബാലനെ തന്റെ സേവ നത്തിനായി വിളിച്ചിരിക്കുന്നു.






സാം സെൽവരാജ് എന്ന ഈ കുട്ടി നാളെ രാവിലെ 9 മണിക്ക് എന്റെ ഓഫീസിൽ വരണം". അദ്ദേഹം പ്രാർത്ഥിച്ചതിനുശേഷം മടങ്ങി പോയി.

അന്നുമുതൽ ഞങ്ങളുടെ കുടുംബത്തിൽ സമാധാനം കടന്നുവന്നു. ഞങ്ങളുടെ വീട്ടിൽ നിറയെ സുഗന്ധം പരന്നു. അന്ന് ഞാൻ എന്റെ എല്ലാ സ്നേഹിതരെയും വിരുന്നിനു ക്ഷണിച്ചു. അമ്മ ആഹാരം പാചകം ചെയ്തു തന്നു. സോംബേരി മഠം എന്ന ഞങ്ങളുടെ സംഘടന പിരിച്ചു വിടുകയാണെന്ന് ഞാൻ പ്രഖ്യാപിച്ചു. എന്നിട്ട് ഞാൻ അവരോടെല്ലാം യാത്ര പറഞ്ഞു. അവർ ഞെട്ടലോടെ, ഒന്നും പറയാനില്ലാതെ മടങ്ങിപ്പോയി.



പിറ്റെ ദിവസം റവ. എസ്. ദേവദാസന്റെ അടുക്കലേക്ക പോയി. ഞാൻ അദ്ദേഹത്തിന്റെ ആത്മീയ പുത്രനും എളിയ ദാസനുമായിത്തീർന്നു. ഞാൻ അദ്ദേഹത്തിന്റെ സഹായിയായി അദ്ദേഹത്തിന്റെ ഓരോ ചലനങ്ങളും സശ്രദ്ധം വീക്ഷിച്ചു. അദ്ദേഹം ചെയ്യുന്നതുപോലെ വളരെ നേരം മുട്ടുകുത്തി പ്രാർത്ഥിക്കുവാനും ദീർഘനേരം ബൈബിൾ ഉറക്കെ വായിക്കുവാനും ധ്യാനിക്കുവാനും കർത്താവ് എന്നോടു പറയുന്നത് കുറിച്ചു വയ്ക്കുവാനും തുടങ്ങി.

ഭാവിയിൽ കർത്താവ് എന്നെ എങ്ങനെ ഉപയോഗിക്കുമെന്ന് അദ്ദേഹത്തിനു മനസ്സിലായതുകൊണ്ട് എന്നെ ദൈവീക നീതിയിലും വിശുദ്ധിയിലും നശിച്ചുപോകുന്ന ആത്മാക്കൾക്കുവേണ്ടിയുള്ള ഭാരത്തിലും എന്നെ കർശനമായി നയിച്ചു. സത്യസന്ധതയിലും പ്രാർത്ഥനാ ജീവിതത്തിലും വചനധ്യാനത്തിലും ആയിരിക്കുവാനും ദൈവത്തെ എങ്ങനെ ആത്മാർത്ഥമായി സേവിക്കണം, വിശുദ്ധ ജീവിതം എന്താണ്? ദൈവീക ശുശ്രൂഷ എങ്ങനെ പണം കൂടാതെ ചെയ്യാം, വചനപ്രകാരം ദൈവവേലക്കായി എങ്ങനെ പണം സ്വരൂപിക്കാം എന്നും ഇതെല്ലാം പ്രാവർത്തികമാക്കാനും അദ്ദേഹം എന്നെ പഠിപ്പിച്ചു.

************

*... 7-ാം പേജിന്റെ തുടർച്ച*

ന്നു. **സ്നേഹം ദീർഘമായി ക്ഷമിക്കയും ദയ കാണിക്കയും ചെയ്യുന്നു; സ്നേഹം സ്പർദ്ധിക്കുന്നില്ല. സ്നേഹം നിഗളിക്കുന്നില്ല, ചീർക്കുന്നില്ല, അയോഗ്യമായി നടക്കുന്നില്ല, സ്വാർത്ഥം അന്വേഷിക്കുന്നില്ല, ദേഷ്യപ്പെടുന്നില്ല, ദോഷം കണക്കിടുന്നില്ല** (1കൊരിന്ത്യർ 13:4-7).

## ഡി. നീതിമാൻ ബന്ധപ്പെടരുത്

പരസംഗം, അശുദ്ധി, പണത്തോടുള്ള ആർത്തി എന്നിവ വിശുദ്ധന്മാരെക്കുറിച്ച് സംസാരിക്കാൻ പാടില്ല. അത്തരത്തിലുള്ള പേരുകൾ പോലും അവരുമായി ചേർത്ത് സംസാരിക്കരുത്. അതുപോലെ അനാവശ്യവും അസംബന്ധവുമായ സംഭാഷണങ്ങൾ, പരിഹാസം എന്നിവ ഒഴിവാക്കേണ്ടതാണ്. കർത്താവിനെ സ്തുതിക്കുകയാണ് ചെയ്യേണ്ടത്. **ദുർന്നടപ്പും യാതൊരു അശുദ്ധിയും അത്യാഗ്രഹവും നിങ്ങളുടെ ഇടയിൽ പേർ പറകപോലും അരുതു. അങ്ങനെ ആകുന്നു വിശുദ്ധന്മാർക്കു ഉചിതം; ചീത്തത്തരം, പൊട്ടച്ചൊൽ, കളിവാക്കു ഇങ്ങനെ ചേർച്ചയല്ലാത്തവ ഒന്നും അരുതു; സ്തോത്രമത്രെ വേണ്ടതു** (എഫെസ്യർ 5:3,4).

## ഇ. യേശുവിൽ ഒരു പങ്കും ഇല്ലാത്തവർ

വ്യഭിചാരം, അശുദ്ധി, പണമെന്ന മുഖ്യ വിഗ്രഹം എന്നിവയിൽ ഏർപ്പെടുന്നവർ ദൈവരാജ്യത്തിൽ കടക്കയില്ല. **അങ്ങനെ ആകുന്നു വിശുദ്ധന്മാർക്കു ഉചിതം; ചീത്തത്തരം, പൊട്ടച്ചൊൽ, കളിവാക്കു ഇങ്ങനെ ചേർച്ചയല്ലാത്തവ ഒന്നും അരുതു; സ്തോത്രമത്രെ വേണ്ടതു. ദുർന്നടപ്പുകാരൻ, അശുദ്ധൻ, വിഗ്രഹാരാധിയായ ദ്രവ്യാഗ്രഹി ഇവർക്കു ആർക്കും ക്രിസ്തുവിന്റെയും ദൈവത്തിന്റെയും രാജ്യത്തിൽ അവകാശമില്ല എന്നു നിങ്ങൾ അറിയുന്നുവല്ലോ** (എഫെസ്യർ 5:4,5). ആത്മീയ കവി തിരുവള്ളുവർ പറഞ്ഞത്: "നന്നായി ഷേവ് ചെയ്യുക, മുടി നീട്ടി വളർത്തുക എന്നത് നിറുത്തലാക്കുകയാണെങ്കിൽ ലോകം വെറുക്കും". നന്നായി ഷേവ് ചെയ്തും മുടി നീട്ടി വളർത്തിയും ജനത്തെ പറ്റിക്കരുത്. നിഷിദ്ധമായ കാര്യങ്ങളിൽ ഏർപ്പെടാതിരിക്കുന്നതാണ് എപ്പോഴും നല്ലത്. "**ഈ ജനം അധരം കൊണ്ടു എന്നെ ബഹുമാനിക്കുന്നു; എങ്കിലും അവരുടെ ഹൃദയം എന്നെ വിട്ടു അകന്നിരിക്കുന്നു. മാനുഷകല്പനകളായ ഉപദേശങ്ങളെ അവർ പഠിപ്പിക്കുന്നതുകൊണ്ടു എന്നെ വ്യർത്ഥമായി ഭജിക്കുന്നു** (മത്തായി 15:8,9).

## എഫ്. ജീവനുള്ള ത്യാഗം

നമ്മുടെ ശരീരങ്ങളെ ജീവനുള്ളതും വിശുദ്ധവും ദൈവത്തിനു പ്രസാദകരവുമായ യാഗമായി സമർപ്പിക്കാൻ പൗലൊസ് അപ്പൊസ്തലൻ ഉദ്ബോധിപ്പിക്കുന്നു. **ഈ ലോകത്തിന് അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിന്നു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ** (റോമർ 12:2). അതിനാൽ നാം പൊരുത്തപ്പെടുന്നതു നിർത്തി രൂപാന്തരപ്പെടാൻ തുടങ്ങണം.

ഈ അനുഭവങ്ങൾ കഠിനമാണെന്നു തോന്നിയാലും ഈ അനുഭവങ്ങളിൽ കടന്നുവരുന്നവർക്ക് ദൈവത്തിന്റെ ശബ്ദം കേൾക്കുവാനാകും. ദൈവത്തിന്റെ മന്ദിരം ജനങ്ങൾക്കു നടുവിലാണ്. അവൻ അവരുടെ ഇടയിൽ വസിക്കും. **അവർ അവന്റെ ജനമായിരിക്കും. ...അവൻ അവരോടുകൂടെ വസിക്കും; അവർ അവന്റെ ജനമായിരിക്കും** (വെളിപ്പാട് 21:3). ഈ ലോകത്തിൽ ഈ അനുഭവം ദൈവം നമുക്കും നൽകുമാറാകട്ടെ.

************

**തിരഞ്ഞെടുത്തത്**

"ക്രിസ്തുമതം ഇന്ത്യയിലെത്തിയിട്ട് 2000 വർഷമായി. അത് യൂറോപ്യന്മാർ മുഖാന്തിരം വന്നതല്ല. ആദ്യ നൂറ്റാണ്ടിൽ തന്നെ സെന്റ് തോമസിലൂടെയാണ് അത് വന്നത്. ക്രിസ്തുമതം വെള്ളക്കാരുടെ മതമല്ല.

യൂറോപ്പിലെ പല രാജ്യങ്ങളും ക്രിസ്തുവിനെ സ്വീകരിക്കുന്നതിനു മുമ്പാണ് സെന്റ് തോമസ് ഇന്ത്യയിൽ വന്നത്. അതിനാൽ പാരമ്പര്യം അന്വേഷിക്കുന്നവർക്ക് യൂറോപ്യൻ രാജ്യങ്ങളെക്കാളും പാരമ്പര്യം ഇന്ത്യയിലെ ക്രിസ്തുമതത്തിനുണ്ടെന്ന് നിസ്സംശയം പറയാം. അങ്ങനെ സംഭവിച്ചു എന്നത് ഞങ്ങൾക്ക് അഭിമാനകരമായ കാര്യവുമാണ്."

**- ഡോ. രാജേന്ദ്രപ്രസാദ്,**
**ഇന്ത്യയുടെ ആദ്യത്തെ പ്രസിഡന്റ്,**
**1955 ഡിസംബർ 18.**

RNI.No.55468/94, Postal Regn.No.TN/CH/(C)/199/21-23 WPP.No.TN/PMG(CCR)/WPP-221/21-23

**WANTED**

1. An efficient Post Graduate with experience for the post of **PRINCIPAL** for our Matriculation School.
2. An efficient and well experienced **ASSISTANT** for our Office with knowledge of Typing and Computer.

Contact : ECHO OF HIS CALL
Cell : 98412 71858
E.mail : sam@echoofhiscall.org

## OUR BANK DETAILS:

### *1. Bank : State Bank of India*

| | |
|---|---|
| Branch | : **Triplicane, Chennai-5** |
| Name | : **S. Sam Selva Raj** |
| A/C No. | : **1023 2934 679** |
| IFSC | : **SBIN 00 00 249** |
| SWIFT CODE | : **SBI NIN BB 455** |

### *2. Bank : ICICI Bank*

| | |
|---|---|
| Branch | : **Anna Salai, Chennai-6** |
| Name | : **Echo of His Call** |
| A/C No. | : **6038 0502 2319** |
| IFSC | : **ICIC 000 6038** |

### *3. Bank : State Bank of India*

(This Account is for Tax Exemption for Indians only )

| | |
|---|---|
| Branch | : **Triplicane, Chennai-5** |
| Name | : **Echo of His Call Educational Trust** |
| A/C No. | : **1023 2923 805** |
| IFSC | : **SBIN 00 00 249** |

**Google Pay: 98410 71858**
**PayPal : SAM SELVA RAJ**
*****
E.mail : sam@echoofhiscall.org

# വിളിയുടെ പ്രതിധ്വനി

**16 ഭാഷകളിലെ മാസിക, ബൈബിൾ കോളേജുകൾ, പോസ്റ്റൽ കോഴ്സുകൾ, സഭ സ്ഥാപിക്കുക, വില്ലേജ് ഇംഗ്ലീഷ് ഹൈസ്കൂൾ, സുവിശേഷ അച്ചടിശാല, ക്രൂസേഡുകൾ, സെമിനാറുകൾ, സാമൂഹ്യസേവനം മുതലായവ**

വാർഷിക വരിസംഖ്യ : 100/- രൂപ ആയുഷ്കാല വരിസംഖ്യ : 2000/- രൂപ

നിങ്ങളെപ്പോലെയുള്ള ദൈവമക്കളുടെ സഹായവും ഉദാരമായ സംഭാവനയുമാണ് **വിളിയുടെ പ്രതിധ്വനി**യുടെ വൈവിധ്യമുള്ള പ്രവർത്തനങ്ങൾക്കു സഹായകമായിട്ടുള്ളത്. ദൈവം പ്രേരിപ്പിക്കുന്നതുപോലെ **വിളിയുടെ പ്രതിധ്വനി** പ്രവർത്തനങ്ങളെ സഹായിക്കുവിൻ. സുവിശേഷം ഇതുവരെയും എത്തിച്ചേരാത്ത സ്ഥലങ്ങളിൽ സുവിശേഷം എത്തിക്കുവാനും സഭകൾ സ്ഥാപിക്കുവാനും നിങ്ങളുടെ സഹായം ആവശ്യമാണ്.

**വിളിയുടെ പ്രതിധ്വനി** മാസിക തുടർച്ചയായി ലഭിക്കണമെങ്കിൽ ഞങ്ങൾക്ക് എഴുതുവിൻ. നിങ്ങളുടെ വിലാസം മാറുമ്പോൾ പഴയതും പുതിയതുമായ വിലാസങ്ങളും ഇമെയിൽ അഡ്രസും അറിയിക്കുവിൻ.

ഞങ്ങളുടെ വെബ്സൈറ്റിൽ 16 ഭാഷകളിലെ മാസികകളും ലഭ്യമാണ്. വെബ്സൈറ്റിൽ കയറി നിങ്ങൾക്ക് അത് വായിക്കുകയും ഡൗൺലോഡ് ചെയ്യുകയും ചെയ്യാവുന്നതാണ്.

നിങ്ങളുടെ കത്തുകൾ, പ്രാർത്ഥനാ ആവശ്യങ്ങൾ, സാമ്പത്തിക സഹായം **ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക്, മണി ഓർഡർ, പെ പാൽ (Sam Selva Raj, sam@echoofhiscall.org), നെഫ്റ്റ്, ഫോൺ പെ (9841071858) , ഗൂഗിൾ പെ (9841071858), വെസ്റ്റേൺ യൂണിയൻ മണിഗ്രാം** തുടങ്ങിയവയിലൂടെ താഴെ കാണുന്ന വിലാസത്തിൽ ദയവായി അയക്കുവിൻ.

നിങ്ങളുടെ ഫോൺ/മൊബൈൽ നമ്പർ, ഇമെയിൽ അഡ്രസ് തുടങ്ങിയവ അയച്ചുതരിക.

ECHO OF HIS CALL
10, MOHAMMED ABDULLAH 2nd STREET, CHEPAUK
CHENNAI - 600 005, INDIA
PH : (+91-44) 2852 8282, 2852 9293, 2854 7766
CELL : (+91) 98410 71852, 95661 31858
E-mails : sam@echoofhiscall.org / biblecor@yahoo.co.in
Websites : www.echoofhiscall.org / www.stpaulsmatriculation.com

**YOU CAN SEND YOUR DONATION ONLINE ALSO**

**Regd. with the RNI under No. 55468/94**
**Licenced to post without pre-payment**
**Postal Regn. No. TN/CH (C) /199/21-23**
**Licence No. WPP. No. TN/PMG(CCR)/WPP-221/21-23**
**Date of Publication: First week of every month**
**Date of Posting : 3rd & 4th of every month Posted at "Egmore RMS / 1 Patrika Channel"**
**on 4th AUGUST, 2022.**
**If un-delivered please return to:**
**ECHO OF HIS CALL (MALAYALAM)**
**P.O. Box No. 2957, Chepauk, Chennai - 600 005, INDIA.**
**Phone: (+ 91- 44) 2852 8282, 2852 9293, 2854 7766**

*JESUS LOVES YOU!*

**To**

*GOD BLESS YOU!*

Owned and published by **S. Sam Selva Raj** from New No. 8 & 10, Old No. 18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005 and printed by him at **Echo of His Call Printers**, New No. 8 & 10, Old No. 18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005. Editor: **S. Sam Selva Raj.**